# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2053</u>  17.03.2015 ൽ മറുപടിക്ക്

### വാഹനങ്ങൾ പാർക്ക് ചെയ്യാൻ പ്രത്യേകം സ്ഥലങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.തിലോത്തമൻ : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | തിരക്കേറിയ കവലകളിൽ കടന്നുവരുന്ന വാഹനങ്ങളെ മറച്ച് റോഡിന്റെ വശങ്ങളിൽ ദീർഘനേരം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം ട്രാഫിക് തടസ്സങ്ങളും അപകടങ്ങളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുവാൻ എന്ത് നടപടികളാണ് കൈക്കൊണ്ടി ട്ടുള്ളതെന്ന് പറയാമോ ; | (ബി) | ട്രാഫിക് അഡ്വൈസറി കമ്മിറ്റികളുടെ തീരുമാനപ്രകാരം പാർക്കിംഗിനായി നിർദ്ദേശിച്ച സ്ഥലങ്ങളിൽ ഇവ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റോഡ് സേഫ്റ്റി അതോറിറ്റിക്കും മോട്ടോർ വാഹന വകുപ്പിനും അനുവദിച്ച തുക ഉപയോഗിച്ച് തിരക്കേറിയ പ്രദേശങ്ങളിൽ 'നോ പാർക്കിംഗ്' ബോർഡുകൾ സ്ഥാപിച്ചുവരുന്നു. |
| (സി) | എല്ലാ പ്രധാന റോഡുകളിലും തിരക്കൊഴിഞ്ഞ ഭാഗങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പ്രത്യേകം സ്ഥലങ്ങളും നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നോയെന്ന് നിരീക്ഷി ക്കുവാൻ സംവിധാനവും ഒരുക്കുമോ ? | (സി) | അനധികൃത പാർക്കിംഗിനെതിരെ നടപടി എടുക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ